നൽകിവരുന്നുണ്ട്. ബില്ലുകളിൽ ഏതെങ്കിലും വിധത്തിലുള്ള പോരായ്മകൾ കാണപ്പെടുന്ന സാഹചര്യങ്ങളിൽ ആ പോരായ്മ പരിഹരിച്ച് എസ്.പി.വി. ബിൽ വീണ്ടും സമർപ്പിക്കുമ്പോൾ മാത്രമേ തുക നൽകുവാൻ സാധിക്കുകയുള്ളൂ. പണം നൽകുന്നതിൽ കാലതാമസം ഉണ്ടാകാതിരിക്കാൻ ആവശ്യമായ എല്ലാ മുൻകരുതലും കിഫ്ബി സ്വീകരിച്ചിട്ടുണ്ട്. 2021 ഏപ്രിൽ മുതൽ, കിഫ്ബിയിൽ സമർപ്പിക്ക പ്പെട്ടിട്ടുള്ള 923 ബില്ലുകളിന്മേൽ 72 എണ്ണത്തിന് നിലവിൽ പണം നൽകാനുണ്ട്. ഇവ നിയമപ്രകാരമുള്ള പരിശോധനയുടെ വിവിധ ഘട്ടങ്ങളിലാണ്. കിഫ്ബിയുടെ വിവിധ വിഭാഗങ്ങളിൽനിന്ന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഈ ബില്ലുകളിന്മേൽ സമയബന്ധിതമായി പണം നൽകുന്നതാണ്. പോരായ്മകളില്ലാതെ സമർപ്പിക്ക പ്പെടുന്ന ബില്ലുകളിന്മേൽ പരിശോധന നടത്തി അംഗീകാരം നൽകിയശേഷവും പണം നൽകുന്നതിൽ കാലതാമസമുണ്ടാകുന്ന സാഹചര്യത്തിൽ മാത്രമേ അത് കുടിശ്ശികയായി കണക്കാക്കാനാവൂ. അത്തരത്തിൽ ബില്ലുകളൊന്നും കിഫ്ബിയിൽ നിലവിലില്ല.

കിഫ്ബി വായ്പാ തിരിച്ചടവ്

42(46) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി 2021 ജൂൺ 30 വരെ ആകെ എത്ര തുക കടമെടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

2021 ജൂൺ 30 വരെയുള്ള കാലയളവിൽ വിവിധ സ്രോതസ്സുകളിലൂടെ കിഫ്ബി 10,124.43 രൂപ ഉറപ്പുവരുത്തിയിട്ടുണ്ട്. ഇതിൽ 9,061.90 രൂപ കിഫ്ബിയുടെ അക്കൗണ്ടിൽ വന്നിട്ടുണ്ട്.

(ബി) കിഫ്ബി വായ്പയുടെ തിരിച്ചടവ് എന്ന് തുടങ്ങുമെന്ന് അറിയിക്കുമോ?

ബാങ്ക്/മറ്റ് ഡെവലപ്മെന്റ് ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷൻ വഴിയുള്ള ലോണുകൾ എല്ലാംതന്നെ 10 മുതൽ 15 വർഷം വരെ കാലാവധിയുള്ള ദീർഘകാല ലോണുകളാണ്. 2017-2019 കാലഘട്ടത്തിൽ സമാഹരിച്ച ബാങ്ക് വായ്പകളുടെ തിരിച്ചടവ് മൊറട്ടോറിയം കാലാവധിയായ 2 വർഷത്തിനുശേഷം ആരംഭിച്ചിട്ടുണ്ട്.

(സി) കിഫ്ബി വായ്പാ തിരിച്ചടവിന് മൊറട്ടോറിയം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര കാലത്തേയ്ക്കെന്ന് വെളിപ്പെടുത്താമോ?

നിലവിലെ എല്ലാ ബാങ്ക് വായ്പകളുടെയും മൊറട്ടോറിയം കാലാവധി 2 വർഷമാണ്. എന്നാൽ കിഫ്ബി പുറപ്പെടുവിച്ചിട്ടുള്ള വിവിധ ബോണ്ടുകളുടെ തിരിച്ചടവ്, ബോണ്ട് കാലാവധിക്കുശേഷമാണ് തുടങ്ങുക. നിലവിൽ 3 മുതൽ 6 വർഷക്കാലയളവിലുള്ള ബോണ്ടുകളാണ് പുറപ്പെടുവിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കിഫ്ബി എടുത്തിട്ടുള്ള വായ്പയുടെ തിരിച്ചടവ് 2026-ൽ എത്ര തുകയാണെന്നാണ് ഇപ്പോൾ കണക്കാക്കിയിട്ടുള്ളത്; വിശദാംശം വെളിപ്പെടുത്തുമോ?

2021 ജൂൺ 30 വരെയുള്ള വായ്പകളുടെ കണക്കുകൾ പ്രകാരം 2026 സാമ്പത്തിക വർഷത്തിൽ ഏകദേശം 852.02 കോടി രൂപ വിവിധ വായ്പകളിലേയ്ക്കായി തിരിച്ചടയ്ക്കേണ്ടതായിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി നൽകുന്നു.*

അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

43(47) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ പട്ടികയും അവയ്ക്ക് ഓരോന്നിനും അനുവദിച്ച തുകയും നിർവ്വഹണ ഏജൻസിയുടെ പേരും വർഷം തിരിച്ച് വ്യക്തമാക്കാമോ; ഇവയുടെ ഓരോന്നിന്റെയും നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ?

അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ കിഫ്ബി ധനാനുമതി നൽകിയിട്ടുള്ള പദ്ധതികളുടെയും പുരോഗതിയുടെയും വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഭരണാനുമതി നൽകുന്നതിനായി ഇപ്പോൾ കിഫ്ബിയിൽ പരിഗണിക്കുന്ന ഈ നിയോജകമണ്ഡലത്തിലെ പ്രവൃത്തികളുടെ പട്ടികയും തുകയും വ്യക്തമാക്കാമോ; എന്നത്തേയ്ക്ക് ഇവയ്ക്ക് ഭരണാനുമതി നൽകാൻ കഴിയുമെന്ന് വിശദമാക്കാമോ?

പ്രസ്തുത നിയോജകമണ്ഡലത്തിൽ ധനാനുമതി നൽകുന്നതിലേയ്ക്കായി നിലവിൽ കിഫ്ബിയിൽ അവലോകനത്തിലുള്ള പദ്ധതി 'അമ്പലപ്പുഴ ഗവണ്മെന്റ് കോളേജ്' ആണ്. പ്രസ്തുത പദ്ധതിയുടെ 10.34 കോടി രൂപയുടെ ഡി.പി.ആർ. ആണ് കിഫ്ബിയിൽ ലഭിച്ചത്. സാങ്കേതിക അവലോകന റിപ്പോർട്ടിൽ ആവശ്യപ്പെട്ട തനുസരിച്ച് കിഫ്ബി മാനദണ്ഡപ്രകാരമുള്ള മാറ്റങ്ങൾ വരുത്തി ടി റിപ്പോർട്ടിനുള്ള മറുപടി പദ്ധതി നിർവ്വഹണ ഏജൻസി സമർപ്പിക്കുന്ന മുറയ്ക്ക് പദ്ധതിയുടെ അന്തിമ അവലോകന റിപ്പോർട്ട് തയ്യാറാക്കി കിഫ്ബി എക്സിക്യൂട്ടീവ് കമ്മിറ്റി/ബോർഡ് മുൻപാകെ സമർപ്പിച്ച് ധനാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.